4048
9/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - 2013-14 വർഷത്തിൽ അങ്കണവാടികൾക്കാവശ്യമായ വെയിംഗ് മെഷീനുകൾ വാങ്ങുന്നതിന് തുക നടപ്പ് സാമ്പത്തിക വർഷത്തെ ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.174/2015/സാനീവ തീയതി, തിരുവനന്തപുരം, 25.03.2015

---

പരാമർശം : 1) 01.11.2013 ലെ സ.ഉ(സാധാ)നം. 553/2013/സാനീവ നമ്പർ ഉത്തരവ്
2) 24.01.2014 ലെ സ.ഉ(സാധാ)നം. 56/2014/സാനീവ നമ്പർ ഉത്തരവ്
3) 11.07.2014 ലെയും 06.02.2015 - ലെയും സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്.എ1-26378/11 നമ്പർ കത്തുകൾ.

**ഉത്തരവ്**

2013-14 സാമ്പത്തിക വർഷം 4967 അങ്കണവാടികളിൽ ഇലക്ട്രോണിക്ക് വെയിംഗ് മെഷീൻ വാങ്ങുന്നതിന് ഒരു അങ്കണവാടിക്ക് 5000/- രൂപ ക്രമത്തിൽ '2235-02-102-98-34 OC' എന്ന ശീർഷകത്തിൽ നിന്നും 2.48.35,000/- രൂപ ചെലവഴിക്കുന്നതിന് പരാമർശം (1),(2) ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം ടി തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ നടപ്പു സാമ്പത്തിക വർഷത്തിലെ '2235-02-102-98-34 OC' എന്ന ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച് വെയിംഗ് മെഷീൻ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റോർ പർച്ചേയ്സ് റൂൾസ് കർശനമായി പാലിക്കണമെന്ന നിബന്ധനയോടും പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായും കഴിഞ്ഞ സാമ്പത്തിക വർഷം വെയിംഗ് മെഷീൻ വാങ്ങുന്നതിന് വിനിയോഗിക്കാൻ കഴിയാതിരുന്ന 2,48,35,000/- രൂപ (രണ്ട് കോടി നാൽപത്തിയെട്ട് ലക്ഷത്തി മുപ്പത്തിയയ്യായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-98(P)-34-OC ശീർഷകത്തിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ലീലാമണി.കെ.എം
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (01.11.2014 -ലെ 79167/WW3/2014/fin. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ആസൂത്ര സമ്പത്തിക കാര്യ വകുപ്പ് (21.03.2015 - ലെ 18002/A2/2014/പ്ലാനിംഗ് അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ